# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 5503 24.05.2017- ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ ക്ഷേമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. സ്വരാജ് | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) പ്രവാസികളുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ ? | എ) പ്രവാസികളുടെ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>I. <u>സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ (Certificate Attestation)</u><br>വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ ഏകസ്ഥാപനമാണ് നോർക്ക റൂട്ട്സ്. പൊതുജന സൗകര്യാർത്ഥം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് അറ്റസ്റ്റേഷൻ സെന്ററുകൾ (Certificate Attestation Centres-CAC) മുഖേന നോർക്ക-റൂട്ട്സും സർക്കാരും ഈ കർത്തവ്യം നിർവഹിച്ചു വരുന്നു. ഉദ്യോഗാർത്ഥികളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി അറ്റസ്റ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി ഡൽഹി/മുംബൈ എൻ.ആർ.കെ. ഓഫീസുകളിലേയ്ക്കും യു.എ.ഇ/കുവൈറ്റ് എംബസികളിലേയ്ക്കും അയച്ചു കൊടുക്കുന്നുണ്ട്. |

II. സാമൂഹ്യ സുരക്ഷ/ഇൻഷുറൻസ് പദ്ധതികൾ (Social Security/Insurance Schemes)

- എൻ.ആർ.കെ. ഐഡി കാർഡ്/പ്രവാസി ഐഡി കാർഡ്.
- അപകട മരണം/ സ്ഥിരമായ/ പൂർണമായ/ ഭാഗീകമായ വൈകല്യം എന്നിവയ്ക്ക് പരമാവധി രണ്ട് ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് ആനുകൂല്യം.
- എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്

III. ധനസഹായ പദ്ധതികൾ/പ്രോജക്ടുകൾ

1. സാന്ത്വന
2. ചെയർമാൻ ഫണ്ട്
3. കാരുണ്യം

IV. പുനരധിവാസ പദ്ധതികൾ

- നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)
- നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NFBC)

V. സമാശ്വാസ പദ്ധതികൾ

- പ്രവാസി നിയമ സഹായ സെൽ (PLAC)
- സ്വപ്ന സാഫല്യം
- കാൾ സെന്റർ

മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമെ, കേരള പ്രവാസികേരളീയകാര്യ ബോർഡിൽ നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- പെൻഷൻ
- കുടുംബ പെൻഷൻ
- മരണാനന്തര ധനസഹായം
- ചികിത്സാ ധനസഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസ ആനുകൂല്യം

**സെക്ഷൻ ഓഫീസർ**